**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 400</u>** **<u>10-08-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാൻ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ആർ. ടി. സി.യുടെ ടിക്കറ്റിതര വരുമാന വർദ്ധനവിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) | കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നു എങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. കെ.എസ്.ആർ.ടി.സി.യുടെ വരുമാന സ്രോതസുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ വാണിജ്യ പ്രാധാന്യമുള്ള തിരഞ്ഞെടുക്കപ്പെട്ട ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചു വരുന്നുണ്ട്. അപ്രകാരം കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചു കഴിഞ്ഞു. ഇപ്പോൾ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, മലപ്പുറം, ഹരിപ്പാട് എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികൾ ചെയ്തു പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മറ്റുള്ള പ്രധാന ബസ് സ്റ്റേഷനുകളിലും ആധുനിക ബസ് ടെർമിനൽ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊറിയർ പാഴ്സൽ, എ.ടി.എം. എന്നിവയ്ക്കായി ലേലം / ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു.<br>കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ |

| | | | |
|---|---|---|---|
| | | | റീട്ടെയിൽ ഫ്യൂൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള 67 കൺസ്യൂമർ പമ്പുകളിൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗപ്പെടുത്തി റീട്ടെയിൽ ഔട്ട്ലെറ്റുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ ഔട്ട്ലെറ്റുകൾ വഴി കെ.എസ്.ആർ.ടി.സി.യ്ക്ക് ഡീലർ കമ്മീഷൻ, പാട്ടവാടക എന്നിവ അധിക വരുമാനമായി ലഭിയ്ക്കുന്നതാണ്. ഇത്തരം ഔട്ട്ലെറ്റുകളിൽ നിന്ന് അധിക വരുമാനത്തിന് സാദ്ധ്യതയുള്ള കഫറ്റേരിയ, എ.റ്റി.എം. കൗണ്ടറുകൾ എന്നിവ വഴിയുള്ള വരുമാനം പങ്കിടൽ, റീട്ടെയിൽ ഔട്ട്ലെറ്റുകൾക്ക് സമീപമായി കൂടുതൽ സൗകര്യങ്ങളോടു കൂടിയ ടോയ്ലറ്റുകൾ എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 8 ഡിപ്പോകളിൽ ഉടൻ തന്നെ റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകൾ പ്രവർത്തനം തുടങ്ങുന്നതാണ്. കൂടാതെ സ്ക്രാപ്പ് ചെയ്യുന്ന ബസ്സുകൾക്ക് രൂപമാറ്റം വരുത്തി പൊതുമേഖലാ എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ 'ലൂബ് ഷോപ്പ്' എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. നേരിട്ട് ലൂബ്രിക്കന്റ് വിൽപന നടത്തുന്നതിലൂടെ ഡീലർ കമ്മീഷൻ വഴി ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുകയും, ഇതോടനുബന്ധിച്ച് ഓയിൽ ചേയ്ഞ്ച് തുടങ്ങിയ പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തുന്നതു വഴി കൂടുതൽ വരുമാനം ലഭിയ്ക്കുന്നതുമാണ്. മൂന്നാറിൽ വിനോദ സഞ്ചാരികൾക്ക് ബസ്സുകളിൽ താമസസൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി സ്ലീപ്പ് ഇൻ ബസ്സ് എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെയും കോർപ്പറേഷന് അധിക വരുമാനം ലഭ്യമാകുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള ഉപയോഗിക്കാനാകാതെ കിടക്കുന്ന വാണിജ്യ സമുച്ചയങ്ങൾ, കടമുറികൾ, പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള സ്ഥലങ്ങൾ എന്നിവ ഗുണകരമായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ജീവനക്കാരിൽ നിന്നും കൊമേഴ്സ് ബിരുദം ഉള്ളവരെ തെരഞ്ഞെടുത്ത് ഒരു മാർക്കറ്റിംഗ് വിഭാഗം ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ ടിക്കറ്റിതര അധിക വരുമാനം ലഭ്യമാകുന്നതാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി. യിൽ സർവ്വീസിനനുയോജ്യമല്ലാത്ത വാഹനങ്ങൾ മറ്റുതരത്തിൽ വിനിയോഗിക്കാൻ പരിപാടിയുണ്ടോ എന്നറിയിക്കാമോ; | (ബി) | ഉണ്ട്. കെ.എസ്.ആർ.ടി.സി.യിൽ സർവ്വീസിന് യോഗ്യമല്ലാത്ത 300 ബസ്സുകളിൽ നിന്നും 43 ബസ്സുകളെ ഷോപ്പ് ഓൺ വീൽ പദ്ധതിയിൽ ഉൾപ്പെടുത്തി, വിവിധ ഏജൻസി കൾക്കുവേണ്ടി രൂപമാറ്റം വരുത്തുന്ന നടപടികൾ പുരോഗമിച്ചു |

| | | | |
|---|---|---|---|
| | | | വരികയാണ്. (മിൽമ - 22, കെ.റ്റി.ഡി.സി. - 1, ലൂബ് ഷോപ്പ് - 2, കുടുംബശ്രീ - 2, ഹോർട്ടികോർപ്പ് - 2, എസ്.സി/എസ്.റ്റി ഡിപ്പാർട്ട്മെന്റ് - 14 എന്നിങ്ങനെ). നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും, തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഓരോ ബസ്സ് വീതം ഷോപ്പ് ഓൺ വീൽസ് പദ്ധതി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സ്റ്റാഫ് സ്ലീപ്പർ ആയി 21 ബസ്സുകളും, വിനോദ സഞ്ചാരികളുടെ താമസ സൗകര്യത്തിനായി 4 ബസ്സുകൾ റണ്ണിംഗ് സ്ലീപ്പർ ആയും രൂപമാറ്റം വരുത്തി നൽകിയിട്ടുണ്ട്. |
| (സി) | ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നുള്ള വരുമാനം എത്രയെന്ന് അറിയിക്കാമോ; | (സി) | കെ.റ്റി.ഡി.എഫ്.സി., ബി.ഒ.റ്റി. വ്യവസ്ഥയിൽ തിരുവനന്തപുരം, അങ്കമാലി, തിരുവല്ല, കോഴിക്കോട് എന്നിവിടങ്ങളിൽ പണികഴിപ്പിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നും 2012-13 സാമ്പത്തികവർഷം മുതൽ 2019-20 സാമ്പത്തിക വർഷം (സാമ്പത്തിക വർഷം 2019-20 ഓഡിറ്റ് ചെയ്തിട്ടില്ല) വരെ ലഭിച്ച ആകെ വരുമാനം 31,36,35,921/- രൂപയും ചെലവ് കഴിഞ്ഞ് ലഭിച്ചത് 12,27,24,899/- രൂപയുമാണ്. ടി തുകയിൽ നിന്നും കെ.എസ്.ആർ.ടി.സി.യുടെ വിഹിതം അവരുടെ ലോൺ കുടിശ്ശികയിൽ കെ.റ്റി.ഡി.എഫ്.സി. വകയിരുത്തിവരുന്നു. മറ്റ് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നുള്ള കെ.എസ്.ആർ.ടി.സി.യുടെ വരുമാന കണക്കുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | കൊറിയർ സർവ്വീസ് വിപുലീകരിച്ച് ലാഭകരമായി നടത്തുവാൻ കെ.എസ്.ആർ.ടി.സി ലോജിസ്റ്റിക്സ് ഡിവിഷൻ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; | (ഡി) | കൊറിയർ സർവ്വീസ് നടത്തി അധിക വരുമാനം നേടുന്നതിനായി കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ജീവനക്കാരിൽ നിന്നും കൊമേഴ്സ് ബിരുദമുള്ളവരെ തെരഞ്ഞെടുത്ത് ഒരു മാർക്കറ്റിംഗ് വിഭാഗം ആരംഭിച്ചിട്ടുണ്ട്. |
| (ഇ) | കെ.എസ്.ആർ.ടി.സി. യിൽ സാമ്പത്തിക ചോർച്ച തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഇ) | കെ.എസ്.ആർ.ടി.സി.യിലെ സാമ്പത്തിക ചോർച്ച തടയുന്നതിന്റെ ഭാഗമായി അക്കൗണ്ടിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും, പ്രതിദിന വരുമാനം, ബാങ്ക് വായ്പ തിരിച്ചടവ് മറ്റ് ബാങ്ക് ഇടപാടുകൾ എന്നിവ റീകൺസിലിയേഷൻ ചെയ്യുന്നതിനുമായി പ്രൊഫഷണലുകളെ നിയമിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യിലെ നിലവിലുള്ള അക്കൗണ്ടിംഗ് സംവിധാനത്തെ സംബന്ധിച്ച് പഠിച്ച് കുറ്റമറ്റ രീതിയിൽ അക്കൗണ്ടിംഗ് സംവിധാനം |

| | | | |
|---|---|---|---|
| | | | പരിഷ്കരിക്കുന്നതിനും, ഇന്റേണൽ ആഡിറ്റ് ശക്തിപ്പെടുത്തുന്നതിനും തദ്ദേശ വരുമാന ചോർച്ച തടയുന്നതിനുമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വർമ്മ ആന്റ് വർമ്മ എന്ന ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

[illegible]

## KSRTC Shopping Complex Details

(Excluding 4 BOT Projects of KTDFC -TVM CL,Thiruvalla,Ankamaly,Kozhikode)

### I. Active Projects

| Sl.No | Unit | Basement Floor | Ground Floor | First Floor | Office space | Total Shops | Vacant shops | Total Space/Sqft | Vacant Space/Sqft | Monthly License Fee |
|---|---|---|---|---|---|---|---|---|---|---|
| 1 | Neyyatinkara | 9 | 20 | 11 | 1 | **41** | **20** | 7235 | **4372** | 86032 |
| 2 | Nedumangadu | 14 | 28 | 14 | | **56** | **30** | 11226 | **6864** | 225842 |
| 3 | Kattakada | 11 | 21 | | 2 | **34** | **4** | 15916 | **4815** | 385324 |
| 4 | Kottarakkara | | 17 | 17 | 2 | **36** | **12** | 9872 | **3663** | 336439 |
| 5 | cherthala | | 10 | | | **10** | **5** | 1600 | **677** | 37165 |
| 6 | kannur | | 37 | | | **37** | **5** | 7081 | **618** | 149012 |
| 7 | Payyannor | | 20 | 20 | | **40** | **15** | 11808 | **4752** | 277333 |
| 8 | Kasargod | 12 | 54 | 39 | | **105** | **47** | 64964 | **13997** | 692748 |
| | **TOTAL** | **36** | **207** | **101** | **5** | **359** | **138** | **129702** | **39758** | **2189895** |
| **jects(Not Completed)** | | Project | | | | | | | | |
| 1 | Harippad | | 18 | 21 | | **39** | **39** | 33506 | **33506** | NIL |
| 2 | Muvattupuzha | | 27 | 43 | | **70** | **54** | 17118 | **17118** | NIL |
| 3 | Thodupuzha` | 17 | 12 | 4 | | **33** | **21** | 13343 | **10769** | NIL |
| 4 | Malppuram | 13 | 13 | | | **26** | **26** | 19776 | **19776** | NIL |
| 5 | Nilamboor | 20 | 15 | | | **35** | **35** | 10102 | **10102** | NIL |
| 6 | Pattanamthitta | | 22 | 27 | | **49** | **36** | 8772 | **6768** | NIL |
| | **TOTAL** | **50** | **107** | **95** | | **252** | **211** | **102617** | **98039** | **NIL** |
| | **Grand Total** | **86** | **314** | **196** | **5** | **611** | **349** | **232319** | **137797** | **2189895** |

[signature]

**Estate Officer**

[signature]

[illegible]